Draft #14 of File 3272/1/2020/Election Approved by JOINT REGISTRAR II (ADMIN) on 16-Feb-2021 04:10 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നം.3272/1/2020/Election

തീയതി: 16.02.2021

**<u>വിജ്ഞാപനം</u>**

വിഷയം: മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ (2019- 2020) എക്സിക്യൂട്ടിവ് കമ്മിറ്റി, അക്കൗണ്ട്സ് കമ്മിറ്റി എന്നിവയിലേക്കുള്ള തെരഞ്ഞെടുപ്പ് വിജ്ഞാപനം - സംബന്ധിച്ച്.

സൂചന: സർവ്വകലാശാലാ ജനറൽ കൗൺസിൽ പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള ഇതേ നമ്പറിലുള്ള 08 .01. 2021 -ലെ വിജ്ഞാപനം.

സർവ്വകലാശാലാ ജനറൽ കൗൺസിൽ (2018-19) അംഗങ്ങളിൽ നിന്നും സർവ്വകലാശാലാ യൂണിയൻ 2019 -20 ന്റെ താഴെ പറയുന്ന സ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു. സർവ്വകലാശാലാ യൂണിയൻ ബൈലോ റൂൾ 21(2) ൽ അനുശാസിച്ചിരിക്കുന്നതുപോലെ ആനുപാതിക പ്രാതിനിധ്യ രീതിയിലൂടെയാണ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്.

| ക്രമ നം. | തസ്തികയുടെ പേര് | സീറ്റുകളുടെ എണ്ണം |
|---|---|---|
| 01 | ചെയർപേഴ്സൺ | 01 |
| 02 | വൈസ് -ചെയർപേഴ്സൺ | 03 (ഒരു വനിത) |
| 03 | ജനറൽ സെക്രട്ടറി | 01 |
| 04 | ജോയിന്റ് സെക്രട്ടറി | 02 |
| 05 | എക്സിക്യൂട്ടിവ് കമ്മിറ്റി അംഗം | 15 (3 വനിതകൾ) |
| 06 | അക്കൗണ്ട്സ് കമ്മിറ്റി അംഗം | 05 |

വോട്ടർപട്ടികയിൽ പേരുള്ളവർക്ക് മാത്രമേ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ യോഗ്യത ഉണ്ടായിരിക്കുകയുള്ളൂ. സർവ്വകലാശാലാ നിർദ്ദേശപ്രകാരം തെരഞ്ഞെടുപ്പ് നടത്തി അതാത് കോളേജുകളുടെ പ്രിൻസിപ്പൽമാർ/ഡയറക്ടർമാർ സാക്ഷ്യപ്പെടുത്തി സർവ്വകലാശാലയ്ക്ക് അയച്ചു തന്നിട്ടുള്ള കൗൺസിലർമാരുടെ പേര് വിവരങ്ങൾ അനുസരിച്ചാണ് വോട്ടർപട്ടിക തയ്യാറാക്കിയിട്ടുള്ളത്. എല്ലാ വോട്ടർമാരും വോട്ടർപട്ടിക പരിശോധിക്കുകയും, എന്തെങ്കിലും ഒഴിവാക്കുവാനോ കൂട്ടിച്ചേർക്കുവാനോ ഉള്ള പക്ഷം ആയതിനുവേണ്ടിയുള്ള അപേക്ഷകൾ നിശ്ചിത തീയതിക്കും സമയത്തിനുമകം വരണാധികാരിക്ക് സമർപ്പിക്കേണ്ടതാണ്.

ഓരോ തസ്തികയിലേയ്ക്കുമുള്ള ഒഴിവുകൾ നികത്തുന്നതിനു വേണ്ടി യോഗ്യരായ ആളുകളെ എല്ലാ വോട്ടർമാർക്കും നാമനിർദ്ദേശം ചെയ്യാവുന്നതാണ്. നാമനിർദ്ദേശം ചെയ്യുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്:-

- ഒരു സീറ്റ് മാത്രമുള്ള തസ്തികയിലേക്ക് സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തിക്ക് തൽസ്ഥാനത്തേക്ക് മറ്റൊരാളെ നാമനിർദ്ദേശം ചെയ്യാൻ സാധിക്കുന്നതല്ല.
- ഒരു സീറ്റ് മാത്രമുള്ള തസ്തികയിലേക്ക് ഏതെങ്കിലും ഒരു വ്യക്തിയെ നാമനിർദ്ദേശം ചെയ്യുന്ന വ്യക്തിക്ക് തൽസ്ഥാനത്തേക്ക് മറ്റൊരാളെ നാമനിർദ്ദേശം ചെയ്യാൻ സാധിക്കുന്നതല്ല.
- ഒന്നിൽ കൂടുതൽ സീറ്റുകളുള്ള തസ്തികയിലൊന്നിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന സ്ഥാനാർത്ഥിക്ക് ടി തസ്തികയിലെ തന്റെ സീറ്റ് കഴിഞ്ഞുള്ള മറ്റു സീറ്റുകളിലേക്ക് മാത്രമേ ഇതര വ്യക്തികളെ നാമനിർദ്ദേശം ചെയ്യുവാൻ സാധിക്കുകയുള്ളൂ
- ഒന്നിൽ കൂടുതൽ സീറ്റുകളുള്ള തസ്തികയിലേക്ക് സ്ഥാനാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നതോ, പിൻതാങ്ങുതോ ആയ ഒരു വ്യക്തിക്ക് പ്രസ്തുത തസ്തികയിലെ സീറ്റുകളുടെ എണ്ണത്തിൽ കൂടുതൽ സ്ഥാനാർത്ഥികളെ നാമനിർദ്ദേശം ചെയ്യുവാനോ, പിന്താങ്ങുവാനോ സാധിക്കുകയില്ല.

ഒരു വോട്ടർക്ക് ഓരോ തസ്തികയിലെയും ഒഴിവുകളുടെ എണ്ണത്തിനനുസൃതമായി സ്ഥാനാർത്ഥികളെ നാമനിർദ്ദേശം ചെയ്യുകയോ/പിന്തുണയ്ക്കുകയോ ചെയ്യാവുന്നതാണ്. എല്ലാ നാമനിർദ്ദേശപത്രികകളും നിർബന്ധമായും നാമനിർദ്ദേശം ചെയ്യുന്നവരുടെയും, പിന്തുണയ്ക്കുന്നവരുടെയും ഒപ്പോടുകൂടി സമർപ്പിക്കേണ്ടതാണ്. ഓരോ സ്ഥാനാർത്ഥിയും താൻ തെരഞ്ഞെടുക്കപ്പെടുന്ന തസ്തികയിൽ സേവനം ചെയ്യുവാൻ സന്നദ്ധനാണെന്നുള്ള സത്യപ്രസ്താവനയിൽ നിർബന്ധമായും ഒപ്പ് വയ്ക്കേണ്ടതാകുന്നു.

യഥാവിധം പൂരിപ്പിച്ച നാമനിർദ്ദേശപത്രികകൾ നിശ്ചിത തീയതിക്കും സമയത്തിനുമകം വരണാധികാരിയുടെ കാര്യാലയത്തിൽ ഇതിനായി സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുകയോ, വരണാധികാരിക്ക് തപാൽമാർഗ്ഗം അയച്ചു നല്കേണ്ടതോ ആണ്. ഓരോ സ്ഥാനത്തേയ്ക്കും വെവ്വേറെ നാമനിർദ്ദേശപത്രികകൾ സമർപ്പിക്കേണ്ടതാണ്. നാമനിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള നിശ്ചിത നാമനിർദ്ദേശപത്രികകളുടെ മാതൃകകൾ സർവ്വകലാശാലാ വെബ്സൈറ്റിൽ (www.mgu.ac.in) പിന്നീട് ലഭ്യമാക്കുന്നതാണ്. ഇത് ഡൗൺലോഡ് ചെയ്ത് A4 സൈസ് പേപ്പറിൽ പകർപ്പെടുത്ത് നാമനിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഉപയോഗിക്കേണ്ടതാണ്. നാമനിർദ്ദേശപത്രികാ ഫോറം സർവ്വകലാശാലയിൽ നിന്നും നേരിട്ട് നൽകുന്നതല്ല.

നാമനിർദ്ദേശം പിൻവലിയ്ക്കുന്നതിനായുള്ള അപേക്ഷകൾ സ്ഥാനാർത്ഥികൾ വെള്ള പേപ്പറിൽ സ്വന്തം കൈപ്പടയിലെഴുതി, ഒപ്പ് വച്ച്, നേരിട്ടോ രജിസ്റ്റേർഡ് തപാൽ മാർഗ്ഗമോ, ദൂതൻ മുഖേനയോ, നിശ്ചിത തീയതിക്കും സമയത്തിനുമകം വരണാധികാരിക്ക് സമർപ്പിക്കേണ്ടതാണ്. ഒരിക്കൽ നാമനിർദ്ദേശങ്ങൾ പിൻവലിച്ചു കഴിഞ്ഞാൽ അത് അന്തിമമായിരിക്കും.

സർവ്വകലാശാലാ യൂണിയൻ തെരഞ്ഞെടുപ്പ് 2019 -20 സമയക്രമപട്ടിക

| ക്രമ നം. | കാര്യപരിപാടി | സമയക്രമം |
|---|---|---|
| 01 | തെരഞ്ഞെടുപ്പ് വിജ്ഞാപന പ്രസിദ്ധീകരണം | 16.02 .2021 |
| 02 | വോട്ടർപട്ടികാ പ്രസിദ്ധീകരണം | 17.02.2021, |
| 03 | വോട്ടർപട്ടികയിന്മേലുള്ള പരാതികൾ സ്വീകരിക്കുന്നത് | 26.02. 2021. 12.00 P.M. |
| 04 | അന്തിമ വോട്ടർപട്ടികാ പ്രസിദ്ധീകരണം | 02.03.2021, 04.30 P.M. |
| 05 | നാമനിർദ്ദേശപത്രികാ സമർപ്പണത്തിനുള്ള അവസാന തീയതിയും സമയവും | 09.03.2021, 01.00 P.M. |
| 06 | നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മ പരിശോധന | 09.03.2021, 02.05 P.M. മുതൽ |
| 07 | സാധുവായ നാമനിർദ്ദേശ പത്രികകളുടെ പട്ടികാ പ്രസിദ്ധീകരണം | 09.03.2021, 04.30 PM |
| 08 | നാമനിർദ്ദേശങ്ങൾ പിൻവലിക്കൽ | 12.03.2021, 12.00 P.M.വരെ. |
| 09 | അന്തിമ സ്ഥാനാർഥിപട്ടികാ പ്രസിദ്ധീകരണം | 12.03.2021, 04.30 P.M. |
| 10 | വോട്ടെടുപ്പ് | 19.03.2021, 10.00 A.M. മുതൽ 01.00 P.M. വരെ |
| 11 | വോട്ടുകളുടെ സൂക്ഷ്മപരിശോധനയും എണ്ണലും | 19.03.2021, 02.00 P.M. മുതൽ |
| 12 | വോട്ടെടുപ്പ് കേന്ദ്രം | സർവ്വകലാശാലാ അസംബ്ലി ഹാൾ |

സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട് 1997, അദ്ധ്യായം 44 ഭാഗം C യിൽ അനുശാസിച്ചിരിക്കുന്ന (പോസ്റ്റൽ ബാലറ്റുവഴി അല്ലാതെയുള്ള) തെരഞ്ഞെടുപ്പ് വ്യവസ്ഥകൾ പ്രകാരം ആണ് വോട്ടെടുപ്പും രേഖപ്പെടുത്തിയ വോട്ടുകളുടെ സൂക്ഷ്മപരിശോധനയും, വോട്ടെണ്ണലും നടത്തപ്പെടുന്നത്.

വോട്ടെടുപ്പ്/വോട്ടെണ്ണൽ വേളകളിൽ സ്ഥാനാർത്ഥിയ്ക്കോ സ്ഥാനാർത്ഥി ചുമതലപ്പെടുത്തിയ വ്യക്തിയ്ക്കോ അല്ലാതെ മറ്റാർക്കും പങ്കെടുക്കുവാൻ അനുമതി ഉണ്ടായിരിക്കുന്നതല്ല.

അന്തിമ വോട്ടർപട്ടികയിൽ പേര് ചേർക്കപ്പെട്ട എല്ലാ അംഗങ്ങളുടെ പേരിലും സർവ്വകലാശാല തിരിച്ചറിയൽ കാർഡുകൾ തയ്യാറാക്കി അതാത് കോളേജ് പ്രിൻസിപ്പൽമാർക്ക് അയച്ചുകൊടുക്കുന്നതാണ്. വോട്ട്

Draft #14 of File 3272/1/2020/Election Approved by JOINT REGISTRAR II (ADMIN) on 16-Feb-2021 04:10 PM - Page 2

രേഖപ്പെടുത്തുന്നതിനും മേല്പറഞ്ഞ കാര്യങ്ങൾക്ക് ഹാജരാകുന്നതിനും ആഗ്രഹിക്കുന്ന അംഗങ്ങൾ തങ്ങളുടെ കാർഡുകൾ കോളേജുകളിൽ നിന്നും ശേഖരിക്കുകയും തെരഞ്ഞെടുപ്പ് ദിവസം പോളിംഗ് ഉദ്യോഗസ്ഥരുടെ മുൻപാകെ ഹാജരാക്കുകയും ചെയ്യേണ്ടതാണ്. മേൽ പറഞ്ഞ തിരിച്ചറിയൽ കാർഡ് ഹാജരാക്കാത്ത ആരെയും വോട്ട് രേഖപ്പെടുത്തുവാൻ അനുവദിക്കുന്നതല്ല. തിരിച്ചറിയൽ കാർഡ് ശേഖരിച്ച ശേഷം അവ നഷ്ടപ്പെട്ട സമ്മതിദായകർ, ഫോട്ടോ പതിപ്പിച്ച അപേക്ഷകൾ കോളേജ് പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രത്തോടെ, 150 രൂപ ഫീസ് ഒടുക്കിയതിന്റെ തെളിവ് സഹിതം, തെരഞ്ഞെടുപ്പ് വരണാധികാരിക്ക് മുൻപാകെ അപേക്ഷിക്കുന്ന പക്ഷം ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡുകൾ നൽകുന്നതാണ്. എന്നാൽ ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡുകൾ കൈപ്പറ്റിയ സമ്മതിദായകരുടെ ഒറിജിനൽ കാർഡുകളുടെ സാധുത അതോടെ നഷ്ടപ്പെടുന്നതും, അവ പോളിംഗ് ആവശ്യത്തിനായി അസ്വീകാര്യമായിരിക്കുന്നതുമാണ്. തിരിച്ചറിയൽ കാർഡുകൾ അതാതു കോളേജുകളിൽ നിന്നും ശേഖരിക്കാത്ത അംഗങ്ങൾക്ക് യാതൊരു കാരണവശാലും ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡുകൾ നൽകുന്നതല്ല. **വോട്ടെടുപ്പ് ദിവസം ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡിനുള്ള അപേക്ഷകൾ സ്വീകരിക്കുകയോ കാർഡുകൾ നൽകുകയോ ചെയ്യുന്നതല്ല.**

നാമനിർദ്ദേശപത്രിക/ബാലറ്റ് എന്നിവയുടെ സൂക്ഷ്മപരിശോധന, വോട്ടെടുപ്പ്, വോട്ടെണ്ണൽ എന്നീ സമയങ്ങളിൽ വരണാധികാരിയുടെ എല്ലാ നിർദ്ദേശങ്ങളും പാലിക്കുവാൻ വോട്ടർമാരും സ്ഥാനാർത്ഥികളും ബാദ്ധ്യസ്ഥരാണ്.

**വരണാധികാരി**

**അശോകൻ എൻ കെ**
ജോയിന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)

പകർപ്പ്:

01. വി.സി./പി.വി.സി. എന്നിവരുടെ പേഴ്സണൽ സെക്രട്ടറിമാർ.
02. രജിസ്ട്രാർ/എഫ്.ഒ.സി.ഇ. എന്നിവരുടെ പി.എ മാർ
03. പി.ആർ.ഒ.
04. ഡി.എസ്.എസ്.
05. കണ്ടന്റ് മാനേജ്മെന്റ് വിഭാഗം
06. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല കോട്ടയം